മി. സ്പീക്കർ: ഓർഡർ................... ഓർഡർ....... ചോദ്യം നമ്പർ *361. *361-ാം നമ്പർ ചോദ്യവുമായി *364-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ് നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങളും ഉത്തരങ്ങളും വ്യത്യസ്തമാണ്. അതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## ഇ.എസ്.ഐ. ചികിത്സാ പദ്ധതി

1(*361) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇ.എസ്.ഐ. ചികിത്സാ പദ്ധതിക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ നിലവിലുള്ള നിയന്ത്രണം മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് പരിഹരിച്ചുകിട്ടുന്നതിന് നാളിതുവരെ സർക്കാർ നടത്തിയ ശ്രമങ്ങൾ ഫലപ്രദമാകാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എല്ലാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ & ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിന് 2011 ജനുവരി മുതൽ ഇ.എസ്.ഐ. കോർപ്പറേഷൻ കൊണ്ടുവന്ന മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.

1. പുതുതായി അംഗത്വമെടുക്കുന്ന തൊഴിലാളിക്ക് അംഗത്വമെടുത്ത തീയതി മുതൽ 3 മാസത്തിൽ കുറയാത്ത സേവനവും 39 ദിവസത്തിൽ കുറയാത്ത ഇ.എസ്.ഐ. വിഹിതവും അടച്ചിരിക്കേണ്ടതാണ്.
2. തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കാൻ തൊഴിലാളിക്ക് 6 മാസത്തിൽ കുറയാത്ത സേവനവും 78 ദിവസത്തിൽ കുറയാത്ത ഇ.എസ്.ഐ. വിഹിതം അടച്ചിരിക്കുകയും വേണം.
3. 2011-നുമുമ്പ് അംഗത്വമെടുത്തവർക്ക് മെഡിക്കൽ ബെനഫിറ്റിന് അർഹത ഉണ്ടെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത

ലഭിക്കും.

പ്രസ്തുത വ്യവസ്ഥകൾ ഇ.എസ്.ഐ. കോർപ്പറേഷൻ 2016-ൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത നേടാൻ പ്രധാനമായും താഴെപ്പറയുന്ന യോഗ്യതകൾ വേണമായിരുന്നു.

1) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഇ.എസ്.ഐ. ഗുണഭോക്താവ് തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ്.

2) രോഗം ആരംഭിക്കുന്നതിനുമുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം.

തൊഴിലാളികൾക്ക് ദ്രോഹകരമാകുന്ന തരത്തിൽ 2016-ൽ ഏർപ്പെടുത്തിയ ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ച് തൊഴിലും എക്സൈസും വകുപ്പുമന്ത്രി

കത്തയയ്ക്കുകയും നേരിട്ട് സന്ദർശിച്ച് നിവേദനം നൽകുകയും ചെയ്തിരുന്നു. തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ 15-04-2019-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിനുള്ള അർഹതാ മാനദണ്ഡമായി ഒരു പുതിയ റെഗുലേഷൻ (96C) പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപ്രകാരം,

(1) ഇ.എസ്.ഐ. സംരക്ഷിത തൊഴിലാളിക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കണമെങ്കിൽ ഇ.എസ്.ഐ. പോർട്ടലിൽ രജിസ്റ്റർ ചെയ്ത് 6 മാസം പൂർത്തിയാക്കുകയും ആ കോൺട്രിബ്യൂഷൻ കാലയളവിൽ 78 ദിവസത്തെ വിഹിതം അടച്ചിരിക്കുകയും വേണം.

(2) തൊഴിലാളിയുടെ ആശ്രിതർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കണമെങ്കിൽ തൊഴിലാളി രജിസ്റ്റർ ചെയ്ത് ഒരു വർഷ കാലയളവ് പൂർത്തിയാക്കുകയും ആ കാലയളവിൽ വരുന്ന 2 കോൺട്രിബ്യൂഷൻ കാലയളവിൽ ഓരോന്നിലും 78 ദിവസത്തിൽ കുറയാത്ത വിഹിതം അടച്ചിരിക്കുകയും വേണം.

എന്നാൽ ഈ ചികിത്സാ സൗകര്യം അടുത്ത ബെനഫിറ്റ് കാലയളവ്

മുതൽ മാത്രമാണ് ലഭ്യമാകുക. പുതിയ നിബന്ധനകളും തൊഴിലാളികൾക്ക് ഗുണകരമല്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലുകൾക്കനുസൃതമായ തരത്തിൽ കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കേണ്ടതുണ്ട്.

(സി) ഇക്കാര്യത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനാണ് നടപടി സ്വീകരിക്കേണ്ടത്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ആശുപത്രികളുമായി ഇ.എസ്.ഐ. കോർപ്പറേഷൻ പ്രത്യേക മാനദണ്ഡങ്ങൾ പ്രകാരമാണ് കരാറിൽ ഏർപ്പെടുന്നത്. പ്രസ്തുത എംപാനൽഡ് ആശുപത്രികൾ മുഖേന ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുന്നുണ്ട്. നിലവിൽ 48 ആശുപത്രികളെയും 3 ലബോറട്ടറികളെയും ഇ.എസ്.ഐ. കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, കേരളത്തിലെ എല്ലാ ജില്ലകളിലും ഇ.എസ്.ഐ. ഡിസ്പെൻസറികളും ആശുപത്രികളും പ്രവർത്തിക്കുന്നുണ്ടോ; കാസർഗോഡ് ഇ.എസ്.ഐ.-യുടെ ഒരു ഡിസ്പെൻസറിയുണ്ട്. ഉണ്ട്, ഇല്ല എന്ന

അവസ്ഥയാണ് ആ ഡിസ്പെൻസറിയുടേത്. കേരളത്തിലെ എല്ലാ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും സ്ഥിതി ഇതാണോ; ഇ.എസ്.ഐ. പദ്ധതിയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള തീരുമാനപ്രകാരം കൊല്ലം ജില്ലയിൽ തുടക്കം കുറിച്ച ആദ്യ സംരംഭത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; ഇ.എസ്.ഐ. കോർപ്പറേഷന് ലഭിക്കുന്ന വിഹിതം 6.5 ശതമാനം ആണെന്നാണ് മനസ്സിലാക്കുന്നത്. അതിൽ 4.75 ശതമാനം തൊഴിലുടമയും 1.75 ശതമാനം തൊഴിലാളിയുമാണ് നൽകുന്നത്.

മി. സ്പീക്കർ: അങ്ങ് ഇങ്ങനെ ചോദ്യ ശരങ്ങൾ തൊടുത്തുവിടല്ലേ. ഒരു ഉപചോദ്യം ചോദിക്കുക. അങ്ങേയ്ക്ക് പിന്നീട് ഒരു ഉപചോദ്യംകൂടി ചോദിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിഹിതം നിർണ്ണയിച്ചതിന്റെ മാനദണ്ഡം എന്താണ്; അതിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം നിരവധി ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിൽ ഒരു പ്രധാനപ്പെട്ട ചോദ്യത്തിന് ഉത്തരം പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇ.എസ്.ഐ. ആശുപത്രികൾ എല്ലാ

ജില്ലകളിലുമില്ല. കേരളത്തിൽ 9 ഇ.എസ്.ഐ. ആശുപത്രികളാണുള്ളത്. അതിൽ 3 എണ്ണം ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തുന്ന ആശുപത്രികളാണ്. ഡിസ്പെൻസറികൾ 143 എണ്ണമാണ്. ഇപ്പോൾ 145 ആയി വർദ്ധിച്ചിട്ടുണ്ട്. 18 പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ നേരത്തെ അനുവാദം നൽകുകയും ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ തസ്തികകളും അനുവദിച്ചിട്ടുണ്ട്. പക്ഷേ, ഇങ്ങനെ പുതുതായി അനുവദിച്ചതിൽ രണ്ടെണ്ണത്തിനുമാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ അനുവാദം നൽകിയിട്ടുള്ളൂ. ഇപ്പോൾ രണ്ടെണ്ണംകൂടി അനുവാദം നൽകിയതിൽപെടുന്നുണ്ട്. ബാക്കിയുള്ളവയ്ക്ക് അനുവാദം ലഭിക്കേണ്ടതാണ്. ഇവിടെ ചോദിച്ച ചോദ്യത്തിൽ, സമീപ കാലത്ത് ഇ.എസ്.ഐ. കോർപ്പറേഷൻ വഴി ഗവൺമെന്റ് തീരുമാനപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ ചില പ്രശ്നങ്ങളുണ്ട്. അത് തീർച്ചയായും തൊഴിലാളി താൽപ്പര്യത്തിന് എതിരാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച, ഇപ്പോൾ വിഹിതമായി ഇ.എസ്.ഐ. കോർപ്പറേഷനിൽ നിക്ഷേപമായി വരുന്നത് തൊഴിലുടമാ വിഹിതം 4.75

ശതമാനവും തൊഴിലാളി വിഹിതം 1.75 ശതമാനവുമാണ്. അതുപ്രകാരം 6.50 ശതമാനമാണ് ഇപ്പോൾ ഇ.എസ്.ഐ.-യിൽ വിഹിതമായി ലഭിക്കുന്നത്. 18-09-2018-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 176-ാമത് ബോർഡ് യോഗം വിഹിതത്തിൽ കുറവ് നിർദ്ദേശിക്കുകയുണ്ടായി. അത് ഇപ്രകാരമാണ്, തൊഴിലുടമാ വിഹിതം 4 ശതമാനം, തൊഴിലാളി വിഹിതം ഒരു ശതമാനം. അങ്ങനെ ആകെ 5 ശതമാനം. 6.50 ശതമാനത്തിൽനിന്നും 5 ശതമാനമായി കുറയ്ക്കുകയെന്ന നിലപാടാണ് ആദ്യഘട്ടത്തിൽ അവർ സ്വീകരിച്ചത്. എന്നാൽ ഇപ്പോൾ വന്നിട്ടുള്ള നിർദ്ദേശം ഗവൺമെന്റ് തലത്തിൽ തീരുമാനിച്ചിട്ടുള്ളത്, കേന്ദ്ര തൊഴിൽ മന്ത്രാലയം 13-06-2019-ൽ ഈ വിഹിതം കുറവ് വരുത്തുന്നതിനുവേണ്ടി തീരുമാനമെടുത്തു. അത് തൊഴിലുടമാ വിഹിതം 3.25 ശതമാനവും തൊഴിലാളി വിഹിതം 0.75 ശതമാനവുമാണ്. അങ്ങനെ ഇപ്പോൾ 6.50 ശതമാനം വിഹിതം ലഭ്യമാക്കുന്നതിൽനിന്നും 4 ശതമാനമായി കുറയ്ക്കാനാണ് തൊഴിൽ മന്ത്രാലയം തീരുമാനമെടുത്തിട്ടുള്ളത്. ഇ.എസ്.ഐ. കോർപ്പറേഷന് സംസ്ഥാനത്തുനിന്ന് 01-04-2018 മുതൽ 31-03-2019 വരെ ലഭിച്ച വരുമാനം 803.62 കോടി രൂപയാണ്. തൊഴിലുടമാ വിഹിതം 1.5 ശതമാനം കുറവ് വരുത്തിക്കഴിഞ്ഞാൽ 185.45 കോടി രൂപ നമുക്ക്

ഡെപ്പോസിറ്റിൽ കുറയും. തൊഴിലാളി വിഹിതം ഒരു ശതമാനം കുറച്ചാൽ 123.63 കോടി രൂപ കുറയും. ഇത് ദീർഘകാലാടിസ്ഥാനത്തിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് അങ്ങേയറ്റം പ്രതികൂലമാണ്. ഈ പ്രശ്നം പുനഃപരിശോധിക്കുന്നതിനുവേണ്ടി കേരളത്തിലെ തൊഴിൽ വകുപ്പ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര മന്ത്രാലയമാണ് ഈ കാര്യത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചില ആളുകൾ ചോദ്യം പ്രസംഗമായി മാറ്റുമ്പോൾ ചെയർ ഒന്നും പറയാറില്ല. എന്നെപ്പോലുള്ള ചില ആളുകൾ മാത്രം ഇങ്ങനെ ചോദിക്കുമ്പോൾ നീരസം പ്രകടിപ്പിക്കുന്നതിൽ എനിക്ക് വളരെയധികം വിഷമമുണ്ട്.

മി. സ്പീക്കർ: എനിക്ക് അങ്ങയോട് ഒരു നീരസവുമില്ല. ഒരു ചോദ്യം ചോദിക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: പലപ്പോഴും അങ്ങയുടെ ഭാഗത്തുനിന്നുമുള്ള നിലപാടാണത്. ഇങ്ങനെ പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. ഇ.എസ്.ഐ. രജിസ്ട്രേഷനിൽ 6 ബെനഫിറ്റുകളാണ് ലഭിക്കുന്നത്. 6 എണ്ണവും ഞാനിവിടെ പറയുന്നില്ല. അതിൽ ഒരു ബെനഫിറ്റ് അൺ-എംപ്ലോയ്മെന്റ്

അലവൻസാണ്. അതിന്റെ വ്യാഖ്യാനം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുതരുമോ; ഡൽഹി ഗവൺമെന്റൊക്കെ ഇ.എസ്.ഐ. കോർപ്പറേഷന് കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ട്. നമ്മുടെ സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷന് എന്തെങ്കിലും തുക ബാക്കി കൊടുക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ. കോർപ്പറേഷനുള്ള വിഹിതം നേരിട്ട് കോർപ്പറേഷനിലാണ് പോകുന്നത്. തൊഴിലാളികളും തൊഴിലുടമകളും അടയ്ക്കുന്ന വിഹിതം സ്റ്റേറ്റിനല്ല, കേന്ദ്രത്തിന് നേരിട്ടാണ് അടയ്ക്കേണ്ടത്. ഇ.എസ്.ഐ. കോർപ്പറേഷന്റെ ചെലവ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് 7:1 എന്നാണ്. 8-ൽ 7 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷൻ തരണം. ഒരു ഭാഗമാണ് സംസ്ഥാന ഗവൺമെന്റിന്റേത്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കൊടുക്കുന്നുണ്ടെന്ന് മാത്രമല്ല, ഇ.എസ്.ഐ.-യുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഓരോ വർഷവും കൂടുതൽ തുക സംസ്ഥാന ഗവൺമെന്റ് നൽകിവരുന്നുമുണ്ട്. അതാണ് യാഥാർത്ഥ്യം. നേരത്തെ ചോദിച്ച ചോദ്യത്തിൽ ഒരു കാര്യംകൂടി ഞാൻ വ്യക്തമാക്കുകയാണ്. എല്ലാ ജില്ലകളിലും ആശുപത്രികളില്ലെങ്കിലും എല്ലാ ജില്ലകളിലും ഡിസ്പെൻസറികളുണ്ട്. അതുകൊണ്ട് തൊഴിലാളികൾക്ക്

പരമാവധി ചികിത്സാ സൗകര്യമുണ്ട്. ഡിസ്പെൻസറിയെന്ന് പറയുന്നത് ഒരു ഡോക്ടറുള്ള ഡിസ്പെൻസറികളാണ്. ഡിസ്പെൻസറിയിൽ ഡോക്ടറുടെ സാന്നിദ്ധ്യമുണ്ട്. ആവശ്യമായ ചികിത്സ തൊഴിലാളികൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല, പക്ഷേ ചോദ്യം നമ്പർ 361-ലും 364-ലും എന്റെ ചോദ്യം ഉൾപ്പെടുന്നുണ്ട്, രണ്ടിലും ഒരേ ചോദ്യങ്ങളാണുള്ളത്. അതായത്, ഒന്ന് ചികിത്സാ പദ്ധതിയെക്കുറിച്ചും മറ്റൊന്ന് ചികിത്സാ സൗകര്യങ്ങളെക്കുറിച്ചുമാണ്.

മി. സ്പീക്കർ: ഒന്ന് ചികിത്സാ പദ്ധതിയും മറ്റൊന്ന് ചികിത്സാ സൗകര്യങ്ങളുമാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: രണ്ടിന്റെയും ഉപചോദ്യങ്ങൾ ഏകദേശം ഒന്നുതന്നെയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് കിട്ടിയ അഡ്വൈസ് എന്താണെന്ന് എനിക്ക് അറിയില്ല.

മി. സ്പീക്കർ: പദ്ധതിയെന്നുപറയുന്നത് സ്കീമാണ്. ചോദ്യം നമ്പർ 364-ൽ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ആവശ്യപ്പെട്ട ഉപചോദ്യത്തിന് അവസരം

നൽകാം.

ശ്രീ. മഞ്ഞളാംകുഴി അലി: എന്റെ ചോദ്യം, ഇ.എസ്.ഐ. ആശുപത്രികളുടെ സൗകര്യക്കുറവുമൂലം പല രോഗികളെയും ആ ആശുപത്രികളിൽനിന്നും മറ്റ് സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയാണ് പതിവ്. അതൊഴിവാക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ 15-06-2018-ൽ ഇ.എസ്.ഐ. സൂപ്രണ്ടുമാരോട് 6 കിടക്കകളും രണ്ട് വെന്റിലേറ്റർ സൗകര്യങ്ങളുമുള്ള High Dependency Unit (H.D.U) സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എത്ര എച്ച്.ഡി. യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്? ഇനി എത്ര ബാക്കിയുണ്ട്, അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ. ആശുപത്രി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഇ.എസ്.ഐ. കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന നിലപാടിൽ മാറ്റം വരുത്തേണ്ടതുണ്ട്. അങ്ങനെ മാറ്റം വന്നെങ്കിൽ മാത്രമേ നമുക്കാവശ്യാനുസരണം കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനും ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡമനുസരിച്ചുള്ള കിടക്കകളുടെ അടിസ്ഥാനത്തിൽ ആശുപത്രി

തുടങ്ങാനും സാധിക്കുകയുള്ളൂ. ഇപ്പോൾ മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രിയില്ല. മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്റ്റേറ്റ് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഇരുപത്തിയയ്യായിരത്തോളം തൊഴിലാളികളുടെ രജിസ്ട്രേഷൻ അവിടെ ചെയ്തിട്ടുണ്ട്. ഇൻഷ്വേർഡ് ആളുകളുടെ എണ്ണം ഇരുപത്തിയയ്യായിരമായാണ് കണക്കാക്കിയിട്ടുള്ളത്. ഇരുപതിനായിരം പേർ ഉണ്ടെങ്കിൽ അവിടെ ആശുപത്രി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഇ.എസ്.ഐ. കോർപ്പറേഷനിൽ ആവശ്യമായ വിവരങ്ങൾ നൽകി കേന്ദ്ര മന്ത്രാലയത്തോട് ആവശ്യപ്പെട്ട് ആശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് പുതിയതായി ചില കേന്ദ്രങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുമെന്ന്, ശ്രീ. ടി. വി. ഇബ്രാഹിം-ന്റെ ചോദ്യത്തിനുള്ള മറുപടിയിൽ അങ്ങുതന്നെ 05-05-2017-ൽ പറഞ്ഞിട്ടുള്ളതാണ്. അതിൽ, ഒരു സ്ഥലം

മണ്ണാർക്കാടാണ്. ആ സമയത്ത് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ആഫീസിൽനിന്നും ഇതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു കത്തും ലഭിച്ചിരുന്നു. ഞാൻ ഒരാളെ സമീപിക്കുകയും ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ഉദ്യോഗസ്ഥർ വരികയും ഇന്നയിന്ന സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം വേണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. പക്ഷേ കെട്ടിടത്തിന്റെ പണി പൂർത്തിയായപ്പോൾ അതിന്റെ ഉടമസ്ഥൻ എന്നാണ് പ്രവർത്തനം തുടങ്ങുന്നതെന്ന് എന്നോട് ചോദിച്ചുകൊണ്ടിരിക്കുകയാണ്. അതിന് എനിക്കൊരു മറുപടി കൊടുക്കാൻ കഴിയുന്നില്ല. അവർ പറഞ്ഞ മാതൃകയിൽതന്നെ കെട്ടിടം പണി തീർത്തിരിക്കുകയാണ്. കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ച് ഒരു ഡിസ്പെൻസറി തുടങ്ങുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണോ വേണ്ടത് അതുപോലെതന്നെ കെട്ടിടം പണി പൂർത്തിയാക്കി. എന്നാൽ അവർ ഏറ്റെടുക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. രണ്ട് കൊല്ലം മുമ്പ് പ്രഖ്യാപിച്ച മണ്ണാർക്കാട്ടെ ഇ.എസ്.ഐ. ആശുപത്രി എന്ന് തുടങ്ങുമെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, നേരത്തെ കേന്ദ്ര ഗവൺമെന്റ്

ഇ.എസ്.ഐ. കോർപ്പറേഷന് പതിനെട്ട് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയത്. ആ പതിനെട്ട് ഡിസ്പെൻസറികളും ആരംഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച, മണ്ണാർക്കാട് ഡിസ്പെൻസറി ആരംഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയതും അതിന്റെ ഭാഗമായി സ്ഥലങ്ങൾ കണ്ടെത്താൻ ശ്രമിച്ചതും. പോസ്റ്റും അംഗീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഇനി ലഭിക്കാനുള്ളത് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതിയാണ്. ഇനിയും അനുമതി ലഭിക്കാത്ത ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ ലിസ്റ്റാണ് പറയാൻ പോകുന്നത്. പാലക്കാട് ജില്ലയിൽ ആലത്തൂർ, മണ്ണാർക്കാട്, കൂറ്റനാട്. പത്തനംതിട്ട ജില്ലയിൽ റാന്നി, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി, താമരശ്ശേരി. എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം, ഇടുക്കി ജില്ലയിൽ കുമളി, പീരുമേട്. തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട്, മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ. ഇത്രയും ഡിസ്പെൻസറികൾ തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. അത്

കിട്ടുന്ന മുറയ്ക്ക് അങ്ങ് ചൂണ്ടിക്കാണിച്ച മണ്ണാർക്കാട് ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും എന്നുള്ളതാണ് അക്കാര്യത്തിൽ വ്യക്തമാക്കാനുള്ളത്. നേരത്തെ ബഹുമാനപ്പെട്ട അംഗം മഞ്ഞളാംകുഴി അലി പറഞ്ഞ എച്ച്.ഡി.യു.-വും അനുവദിച്ചിട്ടില്ല.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, മലപ്പുറം ജില്ലയിൽ ഇതുവരെയും ഇ.എസ്.ഐ. ആശുപത്രി തുടങ്ങിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ആസ്ഥാനമായി ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കണമെന്നത് പത്തിരുപത് വർഷം മുമ്പുള്ള ഒരു പ്രൊപ്പോസലാണ്. കെ.ഇ.എൽ., സ്പിന്നിംഗ് മിൽ, ആയുർവ്വേദ കോളേജ്, ആര്യ വൈദ്യശാല, ഒട്ടേറെ അൺ എയ്ഡഡ് സ്ഥാപനങ്ങൾ തുടങ്ങി ധാരാളം സ്ഥാപനങ്ങൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അവിടെ ഇതിനുള്ള എല്ലാവിധ സാദ്ധ്യതയുമുണ്ട്. മാത്രമല്ല, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലംതന്നെ ഇതിനുവേണ്ടി ലഭ്യമാക്കാൻ കഴിയും. കെട്ടിടം ആവശ്യമാണെങ്കിൽ അതും എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ചുകൊടുക്കാൻ കഴിയും. മലപ്പുറം ജില്ലയിൽ ആരംഭിക്കാൻ പോകുന്ന ഇ.എസ്.ഐ. ആശുപത്രി തിരൂരങ്ങാടി മണ്ഡലത്തിലെ, എടരിക്കോട്

ആസ്ഥാനമായി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇതിനകത്തുള്ള ഒരു പ്രശ്നം ഇ.എസ്.ഐ. കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കോർപ്പറേഷൻ പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്നത്. ആ മാനദണ്ഡത്തിന് വിധേയമായി ഉണ്ടെങ്കിൽ അത്തരം പ്രദേശങ്ങളിലെല്ലാം ഇ.എസ്.ഐ. ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് ഗവൺമെന്റിന് ഒരു എതിർപ്പുമില്ല. ഈ കാര്യം സ്റ്റേറ്റ് ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടക്കില്ല, ഇ.എസ്.ഐ. കോർപ്പറേഷന്റെകൂടി അംഗീകാരം ഈ പ്രശ്നത്തിൽ ലഭിക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിൽ, ഇ.എസ്.ഐ. ആശുപത്രി ഇല്ലായെന്ന കുറവ് നിലനിൽക്കുന്നതുകൊണ്ടുതന്നെ അത് പരിഹരിക്കുന്നതിനാവശ്യമായ എല്ലാ ശ്രമവും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതാണ് നേരത്തെ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ അതുമായി ബന്ധപ്പെടുത്തി പറഞ്ഞത്. അതിന് കേന്ദ്രത്തിൽനിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഗവൺമെന്റ് നൽകി കഴിഞ്ഞിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡമനുസരിച്ച് പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടിവന്നാൽ അത്തരം നിർദ്ദേശങ്ങളും

ഇ.എസ്.ഐ. കോർപ്പറേഷന്റെ മുമ്പാകെ സമർപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്ങ് വായിച്ച ലിസ്റ്റിനകത്ത് കുമളി, പീരുമേട് അടക്കമുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം നൽകുകയെന്നത് മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാകുമ്പോൾ തോട്ടം തൊഴിലാളികൾകൂടി അതിന്റെ ഒരു ഷെയർ വഹിക്കേണ്ടതായി വരുമോ? ഏത് തരത്തിലാണ് ഇ.എസ്.ഐ. പദ്ധതി പ്ലാന്റേഷൻ മേഖലയിൽ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇ.എസ്.ഐ.-യിൽ അംഗമാകുന്ന എല്ലാ തൊഴിലാളികൾക്കും ഒരേ മാനദണ്ഡമാണുള്ളത്, അതിനനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇവിടെ തോട്ടം മേഖലയിൽ ആവശ്യമായ പരിഗണന നൽകിവരുന്നുണ്ട്. മുക്കം, ഇടുക്കി ജില്ലയിലെ കട്ടപ്പന എന്നിവിടങ്ങളിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി, കൽപ്പറ്റ, ഇടുക്കി ജില്ലയിലെ കണ്ണൻ ദേവൻ ഹിൽസ്,

മൂന്നാർ, മാന്നാങ്കണ്ടം, അടിമാലി. ഈ നാല് ഡിസ്പെൻസറികളും പ്രവർത്തിപ്പിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചുകഴിഞ്ഞു. അതിനുള്ള നടപടികളെല്ലാം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. തോട്ടം തൊഴിലാളികൾക്ക് പരമാവധി സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. നേരത്തെ പ്ലാന്റേഷൻ വ്യവസായത്തിലെ പ്രശ്നങ്ങൾ പരിശോധിച്ചിരുന്ന സമയത്ത് ഇ.എസ്.ഐ. ചികിത്സാ സൗകര്യം പ്ലാന്റേഷൻ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനുള്ള പരിഗണന നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിന് വിധേയമായുള്ള ആനുകൂല്യങ്ങളാണ് ഇപ്പോൾ തൊഴിലാളികൾക്ക് ലഭിച്ചുവരുന്നത്. ഇത് ഇ.എസ്.ഐ-ലേയ്ക്ക് മാറ്റം വരുത്തുന്നതിന് തത്വത്തിൽ സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഇ.എസ്.ഐ. ആശുപത്രിയാണ് ഉദ്യോഗ്മണ്ഡലിൽ സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചിട്ട് 50 വർഷമായി. കേരളത്തിൽ നൂറ് കിടക്കകളുള്ള ആശുപത്രി വളരെ

ചുരുക്കമായിരിക്കും. ആശുപത്രി കെട്ടിടം ഇപ്പോൾ വളരെ ജീർണ്ണാവസ്ഥയിലാണ്. അവിടെ പുതിയ കെട്ടിടങ്ങൾ തുടങ്ങുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിനും കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ചിട്ടുണ്ടോ; അതിന്റെ ഏതെങ്കിലും പ്രൊപ്പോസൽ ഉണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിന് ചില മാനദണ്ഡങ്ങൾ നിലനിൽക്കുന്നുണ്ട്. അതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരികയാണ്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതാണ്. സ്റ്റേറ്റ് സർവ്വീസിലുള്ളതല്ല. തീർച്ചയായും സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. പരമാവധി ചികിത്സാ സൗകര്യം ഇപ്പോൾ തന്നെ അവിടെ ലഭ്യമാണ്. കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതിനെക്കുറിച്ച് നിർദ്ദേശമുണ്ടെങ്കിൽ അക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ഇ.എസ്.ഐ.-യിൽ തൊഴിലാളി-തൊഴിലുടമാ

വിഹിതം വെട്ടിക്കുറയ്ക്കാനുള്ള നിർദ്ദേശം ദീർഘകാലത്തേയ്ക്ക് ഇ.എസ്.ഐ.-യെ ദോഷകരമായി ബാധിക്കുന്നതാണ്. അത് ശക്തമായി എതിർക്കപ്പെടേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് ഇ.എസ്.ഐ.-യിൽ അംഗമാകാനുള്ള സാധ്യത ഒരു ഘട്ടത്തിൽ ചില പ്രത്യേക മേഖലകളിൽ മാത്രമായിരുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ മുഴുവനും ഇ.എസ്.ഐ.-യുടെ പരിധിയിൽ ഉൾപ്പെടുത്തി എന്നത് പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് സഹായകരമായ ഒന്നാണ്, അഭിനന്ദനീയമാണ്. അതോടൊപ്പം ഈ തൊഴിലാളികൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടു കൂടിയ ചികിത്സയാണ് ആവശ്യം. ഗ്രാമ പ്രദേശങ്ങളിലെല്ലാം റൂറൽ ഡിസ്പെൻസറികൾ ധാരാളമുണ്ട്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകൾക്ക് ഏക ആശ്രയമായ സ്പെഷ്യാലിറ്റി ആശുപത്രി തോട്ടടയാണ്. പ്രസ്തുത ആശുപത്രി ഇപ്പോഴും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായിട്ടില്ല. പ്രസ്തുത ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്താനുള്ള നടപടി ഏതുവരെയായി; അക്കാര്യത്തിൽ

അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുമ്പോൾ എല്ലാ ബാദ്ധ്യതയും യഥാർത്ഥത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ വഹിക്കേണ്ടതാണ്. എന്നാൽ അതിന് സഹായകരമായ നിലപാട് കോർപ്പറേഷൻ സ്വീകരിച്ചില്ല. ഈ സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റിന് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി വേണമെന്ന അഭിപ്രായമുണ്ടെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി തുടങ്ങാമെന്ന നിലയിൽ കോർപ്പറേഷനിൽനിന്ന് കത്ത് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ആലോചിച്ചപ്പോൾ 7:1 എന്ന അനുപാതത്തിൽ തോട്ടടയിൽ ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള തോട്ടട ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ കഴിയുന്നതാണ്. തത്വത്തിൽ ഗവൺമെന്റ് അത് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. ഇന്നസെന്റ് ലോക്സഭയിൽ

കൈപൊക്കിയതുപോലെയല്ല ഞങ്ങൾ കൈപൊക്കുന്നത്. കൈപൊക്കി തളർന്നു. ചോദ്യത്തിനുള്ള അവസരം കിട്ടാറില്ല.

മി. സ്പീക്കർ: എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ തോന്നുന്നതുപോലെ ആളുകളെ വിളിക്കുകയല്ല ചെയ്യുന്നത്. ഭരണപക്ഷത്തുനിന്ന്, പ്രതിപക്ഷത്തുനിന്ന്, അതുകഴിഞ്ഞ് വ്യത്യസ്ത പാർട്ടികൾ എന്നിങ്ങനെ എല്ലാ പരിഗണനയും നോക്കി താഴെനിന്ന് കിട്ടുന്ന വിവരത്തിന് അനുസരിച്ചാണ് വിളിക്കുന്നത്. ഉൾവിളിപോലെ നിങ്ങളെ വിളിക്കുന്നതല്ല. ഇങ്ങനെ സഭയിൽ പറയുന്നത് ശരിയല്ല. ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ഉൾപ്പെടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഓരോരുത്തരും ചോദിച്ച ഉപചോദ്യങ്ങൾ എത്രയാണെന്നുള്ളതിന്റെ കണക്ക് ഇവിടെയുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുഴപ്പമില്ല. വ്യക്തിപരമായ ഒരു ഫീലിംഗ് തോന്നി പറഞ്ഞുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ഞാൻ അംഗീകരിച്ചു.

ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വായിച്ച നീണ്ട ലിസ്റ്റിൽ എന്റെ മണ്ഡലമായ കൊണ്ടോട്ടിയുമുണ്ട്. ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. പറഞ്ഞതുപോലെ, കൊണ്ടോട്ടിയിൽ

വന്ന് സൗകര്യപ്രദമായ കെട്ടിടങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ കാണിച്ചുകൊടുത്ത് അവർ സാറ്റിസ്ഫൈഡ് ആയി പോയതാണ്. പക്ഷേ ഇപ്പോൾ വന്ന നീണ്ട ലിസ്റ്റിൽ അവസാനമാണ് കൊണ്ടോട്ടിയെ വായിച്ചത്. കൊണ്ടോട്ടിയിൽ ധാരാളം തൊഴിലാളികൾ ഉള്ളതാണ്. ഏത് മാനദണ്ഡം വച്ചാണ് ബഹുമാനപ്പെട്ട തൊഴിൽ മന്ത്രാലയം ഈ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസ് ചെയ്യുന്നത് എന്നറിഞ്ഞാൽ നന്നായിരുന്നു.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, തൊഴിലാളികളുടെ എണ്ണത്തിന്റെ പ്രശ്നം ഞാൻ നേരത്തെ പറഞ്ഞതാണ്. മലപ്പുറം ജില്ലയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഡിസ്പെൻസറിതന്നെ വാടക കെട്ടിടത്തിലാണ്. അവിടെ ആശുപത്രി സ്ഥാപിക്കണമെങ്കിൽ സ്വന്തം സ്ഥലം വേണം. അതിനുള്ള സൗകര്യം എല്ലാവരും തരണം. ഇൻഷ്വർ ചെയ്ത തൊഴിലാളികൾ ചുരുങ്ങിയത് 2000 പേരെങ്കിലും ഉണ്ടാകണം എന്നതാണ് ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഡിസ്പെൻസറികൾ അനുവദിക്കുന്ന നിലപാട് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ അവസാന കാലത്ത് കൊരട്ടി ഇ.എസ്.ഐ.വക സ്ഥലത്ത് ഡിസ്പെൻസറി കെട്ടിടം പണിയാൻ നടപടിക്രമങ്ങൾ പാലിക്കാതെ തറക്കല്ലിട്ടിരുന്നു. കഴിഞ്ഞ ആറ് വർഷമായി ആ കല്ല് പുല്ലുപിടിച്ച് കിടക്കുകയാണ്. അതിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വലുതും ചെറുതുമായ ധാരാളം വ്യവസായ സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളുമുള്ള പ്രദേശമാണിത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഈ ഡിസ്പെൻസറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം പരിശോധിക്കാം.

<u>ഡോ. എൻ. ജയരാജ്</u>: സർ, കാഞ്ഞിരപ്പള്ളി ഇ.എസ്.ഐ. ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചെങ്കിലും കാഞ്ഞിരപ്പള്ളി ജമാഅത്തിന്റെ അനുഭാവംകൊണ്ട് മാത്രമാണ് ഇപ്പോഴത് പ്രവർത്തിക്കുന്നത്. സ്വന്തമായ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ല. വടവാതൂർ കഴിഞ്ഞാൽപ്പിന്നെ കാഞ്ഞിരപ്പള്ളിയിൽ മാത്രമാണ് ആ മേഖലയിലുള്ള ഇ.എസ്.ഐ. ഡിസ്പെൻസറി. പക്ഷേ 30-35 കിലോമീറ്റർ ദൂരത്തിലാണ്. പൂഞ്ഞാർ നിയോജക

മണ്ഡലം ഉൾപ്പെടുന്ന മേഖലയിലെ, മുണ്ടക്കയം, എരുമേലി ഉൾപ്പെടുന്ന പ്രദേശങ്ങൾ. പക്ഷേ അവിടെ എൻറോൾമെന്റ് വളരെ കുറവാണിപ്പോൾ. യഥാർത്ഥത്തിൽ നമ്മൾ അത് വിഭാവനം ചെയ്തപ്പോൾ ഉണ്ടായിരുന്ന തലത്തിലേയ്ക്ക് ഇപ്പോഴും എൻറോൾമെന്റ് നടക്കുന്നില്ല. ലേബർ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയാണോ എന്തുകൊണ്ടാണെന്ന് അറിയില്ല. ഏതായാലും അക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. അക്കാര്യത്തിൽ എന്താണ് ഗവൺമെന്റ് നടപടി എന്നറിയാനാണ് എന്റെ ചോദ്യം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ.യുടെ പരിധി സംസ്ഥാനത്തുടനീളം പ്രാവർത്തികമാക്കിയതിനെ തുടർന്ന് കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങൾക്കുള്ളിൽ ഏകദേശം നാല് ലക്ഷത്തോളം തൊഴിലാളികൾ പുതുതായി ഇ.എസ്.ഐ.-യിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 11 ലക്ഷത്തോളം അംഗങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ കിട്ടുന്നതിന് അർഹത നേടിയിട്ടുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നം എന്താണെന്നത് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇ.എസ്.ഐ. കോർപ്പറേഷൻ സർവ്വേ ചെയ്ത് നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ

പൂർത്തീകരിക്കാൻ സാധിക്കുക. അംഗങ്ങൾ ഉന്നയിക്കുന്ന ഇതുപോലുള്ള നിരവധി പ്രശ്നങ്ങൾ ഇ.എസ്.ഐ.-യുമായി ബന്ധപ്പെട്ടുണ്ട്. അത്തരം പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിനുവേണ്ടിയുള്ള സമീപനം തന്നെയാണ് ഗവൺമെന്റ് ഇക്കാര്യങ്ങളിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേക ഡ്രൈവ് നടത്തി ഇ.എസ്.ഐ.-യിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്കും ഗവൺമെന്റ് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്.

## ഗ്രീൻ ഇൻഡ്യ മിഷൻ

(*362) ശ്രീ. ഐ.ബി. സതീഷ്:

ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. ഒ. ആർ. കേളു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അഗസ്ത്യ വനം ഉൾപ്പെടെയുള്ള വനമേഖലകളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കുമോ;

(ബി) വനാശ്രിത സമൂഹങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ

നിറവേറ്റുന്നതോടൊപ്പം വനശോഷണം ഒഴിവാക്കുന്നതിന് ഗ്രീൻ ഇൻഡ്യ മിഷൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വന്യജീവി സംയോജിത വികസന പരിപാടികളായ പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ തുടങ്ങിയവ വന്യജീവികളുടെ ആവാസ വ്യവസ്ഥാപരിപാലനത്തിനും നിരന്തരം ഉണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾ ഇല്ലാതാക്കുന്നതിനും എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് അറിയിക്കാമോ;

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) അഗസ്ത്യവനം ഉൾപ്പെടുന്ന നെയ്യാർ വന്യജീവി സങ്കേതം അടക്കമുള്ള സംരക്ഷിത വനമേഖലകളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിപാലനത്തിനായി "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)”

2. കടുവകളുടെയും അവയുടെ ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി "പ്രോജക്ട് ടൈഗർ"

3. ബയോസ്ഫിയർ റിസർവ്വിനുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെയും വനാതിർത്തിയിലുള്ള വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികൾ

4. കേരളത്തിലെ 4 എലിഫന്റ് റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി "പ്രോജക്ട് എലിഫന്റ്"

കൂടാതെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി (CBD) പദ്ധതിയിൽ ഉൾപ്പെടുത്തി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടികൾ, കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, അധിനിവേശ സസ്യങ്ങളുടെ നീക്കം ചെയ്യൽ എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക, കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും, പ്രകൃതി സൗഹൃദ പദ്ധതികൾ, പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തിനായുള്ള പ്രവർത്തനങ്ങൾ, ജൈവവൈവിധ്യം, ജലം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവത്ക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കി വരുന്നത്.

(സി) കടുവകളുടെ സംരക്ഷണത്തിനായി 1973-ൽ ആരംഭിച്ച 'പ്രോജക്ട്

ടൈഗർ', കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി 1992-ൽ ആരംഭിച്ച 'പ്രോജക്ട് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)'- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട്സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ എന്നീ പദ്ധതികളിലൂടെ മൃഗവേട്ട തടയുന്നതിനുള്ള പരിപാടികൾ, ആവാസ വ്യവസ്ഥയുടെയും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, കടുവകളുടെയും ആനകളുടെയും കണക്കെടുപ്പ്, മണ്ണ്-ജല സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ ആനകളുടെയും കടുവകളുടെയും ആവാസ വ്യവസ്ഥകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ പ്രസ്തുത പദ്ധതികളിൽ (കേന്ദ്ര വിഹിതം ഉൾപ്പെടെ) അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|
| ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)- പ്രൊട്ടക്ഷൻ ഓഫ് | 521.32 |

| | |
|---|---|
| വൈൽഡ് ലൈഫ്- ഔട്ട്സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ | |
| പ്രോജക്റ്റ് ടൈഗർ- പറമ്പിക്കുളം | 550.21 |
| പ്രോജക്റ്റ് ടൈഗർ- പെരിയാർ | 695.50 |
| പ്രോജക്റ്റ് എലിഫന്റ് | 695.84 |

പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. പ്രോജക്റ്റ് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹാബിറ്റാറ്റ് (IDWH)- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട് സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ എന്നീ പദ്ധതികളിലൂടെ വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നു.
2. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്

(IDWH)- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്-ഔട്ട്സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ പദ്ധതിയിലൂടെ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ ശാക്തീകരണം

3. കൊട്ടിയൂർ- പേരിയ ആനത്താരകൾ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രോജക്റ്റ് എലിഫന്റ് സ്കീമിൽ 600 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 295 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 29.592 ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

4. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ, വയനാട് വന്യജീവി സങ്കേതത്തിൽ നടന്നുവരുന്നു. നാളിതുവരെ 339 കുടുംബങ്ങളെ വനത്തിനകത്തുനിന്നും മാറ്റി പാർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി കേരളത്തിൽ എന്നുമുതലാണ് ആരംഭിച്ചത്; ഇവിടെപ്പറയുന്ന ആശയങ്ങൾക്കനുസരിച്ച് കേരളത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കി; അതിനുവേണ്ടി എത്രതുക

ചെലവഴിച്ചെന്നും വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കുമ്പോൾ പദ്ധതിവിഹിതമായി കേന്ദ്രം 60 ശതമാനം നൽകുകയാണ്. ഒന്നാം വർഷ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി 15.24 കോടി രൂപ ലഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് വനമേഖലയെ സജ്ജമാക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ഇതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള എട്ട് മിഷനുകളിൽ ഒന്നാണ് ഗ്രീൻ ഇന്ത്യാ മിഷൻ. ഗ്രീൻ ഇന്ത്യാ മിഷന്റെ പ്രധാന പരിപാടികൾ എന്നുപറയുന്നത് ശോഷിച്ച വനങ്ങളുടെ പുനരുദ്ധാരണം, കണ്ടൽ വനങ്ങളുടെ സംരക്ഷണം, നഗരമേഖലയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, കാർഷികഭൂമി, വഴിയോരങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, വനമേഖലയിലും പുറത്തുമുള്ള ജല സ്രോതസ്സുകളുടെ സംരക്ഷണം എന്നിവയാണ്. വനസംരക്ഷണ സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേനയാണ് ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലെ പ്രധാന

പരിപാടികൾ കണ്ടൽക്കാട് സംരക്ഷണം, വനമേഖലയിലെ വൃക്ഷവൽക്കരണം, സാമൂഹ്യ വനവൽക്കരണം, വനത്തിനുപുറത്തുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, നമ്മുടെ നാട്ടിൻപുറങ്ങളിൽ കാവുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ജൈവ വൈവിദ്ധ്യത്തിന്റെ നിലവറകളാണ് കാവുകൾ. നാശോന്മുഖമായ കാവുകളെ വീണ്ടെടുക്കാനും സ്വകാര്യ ഭൂമികളിൽ ഉൾപ്പെടെ പുതിയതായി കാവുകൾ വച്ചുപിടിപ്പിക്കാനും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഗ്രീൻ ഇന്ത്യാ മിഷന്റെ കീഴിൽ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, സോഷ്യൽ ഫോറസ്ട്രിയുടെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടുള്ള നടപടികളിൽ വരുന്നതാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച കാര്യങ്ങൾ. ഇപ്പോൾ തന്നെ നിലവിൽ കാവുകൾ സംരക്ഷിക്കുക, കാവുകളോട് ചേർന്നുള്ള കുളങ്ങൾ സംരക്ഷിക്കുക എന്നിവയെല്ലാം ഗ്രീൻ ഇന്ത്യാ മിഷനിൽ

ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഓരോ ജില്ലയിലും പഴയ പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട അത്തരം കാവുകളും കുളങ്ങളും നിലനിർത്തുന്നതിന് ആവശ്യമായിട്ടുള്ള ധനസഹായം, ഒരോ ജില്ലയിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് അതിൽ മുൻഗണന നിശ്ചയിച്ചുകൊണ്ട് ഏറ്റെടുത്ത പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കുളങ്ങൾ നന്നാക്കുന്നതിനും അതിലെ ചെളി വാരിക്കളയുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പു പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ അതിനനുസൃതമായിട്ടുള്ള പ്രോജക്ടുകൾ തയ്യാറാക്കണം. വനത്തിനുള്ളിലെ ആനകൾ ജനവാസ മേഖലയിൽ ഇറങ്ങാതിരിക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന കിടങ്ങുകൾ, വനത്തിനുള്ളിൽ ജല സംരക്ഷണത്തിനുവേണ്ടിയുള്ള തടാകങ്ങൾ ഇവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കാവുന്ന പദ്ധതികളാണ്. പാലക്കാട് ജില്ലയിൽ കിടങ്ങ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി (ശ്രീ. ഡി. കെ. മുരളി): സർ, ജൈവ വൈവിദ്ധ്യത്തിന് വനമേഖലയിൽ തന്നെ ഭീഷണിയാണ് ജലറാഞ്ചി മരങ്ങൾ എന്നറിയപ്പെടുന്ന അക്കേഷ്യാ സ്പീഷീസിൽപ്പെടുന്ന മരങ്ങൾ. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് മേഖലയിൽപ്പോലും ഇത്തരത്തിലുള്ള അക്കേഷ്യാ പ്ലാന്റേഷനുകൾ ഉണ്ട്. ഈ ഗവൺമെന്റ് നിലപാടിന്റെ ഭാഗമായി റീപ്ലാന്റ് ചെയ്യുന്ന സ്ഥലങ്ങളിൽ അക്കേഷ്യ ഒഴിവാക്കി മറ്റു മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ ഭാഗങ്ങളിലെല്ലാം അക്കേഷ്യ അടിക്കാടുകളായി വ്യാപകമായി വളർന്നുവരികയാണ്. ഇത് ജൈവ സമ്പത്തിന് ഭീഷണിയാണ്. അത് നീക്കം ചെയ്യാനാവശ്യമായ നടപടികൾ ഗവൺമെന്റ് അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, നേരത്തെ തന്നെ ഈ സഭയിൽ വ്യക്തമാക്കപ്പെട്ടതാണ് വിദേശ വൃക്ഷങ്ങൾ എന്നറിയപ്പെടുന്ന അക്കേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയ മരങ്ങൾ ഇനിമുതൽ അതിന്റെ തൈകൾ വച്ചുപിടിപ്പിക്കേണ്ടതില്ലെന്നുള്ള പൊതു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഇപ്പോൾ നാഷണൽ ഹൈവേയുടെ വശങ്ങളിൽ പുതിയതായി അക്കേഷ്യയോ

യൂക്കാലിപ്റ്റസോ ഒന്നും തന്നെ വച്ചുപിടിപ്പിക്കാത്തത്. ഫോറസ്റ്റിനുള്ളിലും അത്തരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നില്ല. ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിൽ കുറേ ഭൂമിയുണ്ട്. അവിടെ ഇതിന്റെ പ്ലാന്റേഷൻ നിലനിൽക്കുന്നുണ്ട്. 2025 -ഓടുകൂടിയേ നമുക്ക് പൂർണ്ണമായും ഇത്തരം മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന നടപടികളിലേയ്ക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് മരങ്ങൾ വെട്ടിയ സ്ഥലത്ത് വീണ്ടും ഇവ അടിക്കാടുകളായി വളർന്നുവരുന്നുവെന്നാണ്. ജനവാസ മേഖലയോട് അടുത്തുള്ള അത്തരം മേഖലകളിൽ അക്കേഷ്യ, യൂക്കാലിയൊക്കെ നീക്കം ചെയ്ത സ്ഥലത്ത് വീണ്ടും അടിക്കാടായിട്ട് അത് വളർന്നുവരുന്നുണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അത്തരം നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി (ശ്രീ. എം. രാജഗോപാലൻ): സർ, കാലാവസ്ഥാ വ്യതിയാനം, വനനശീകരണം തുടങ്ങി പരിസ്ഥിതി സന്തുലനം തകർക്കുന്ന പ്രതിഭാസങ്ങൾ ഇന്ന് ശക്തിയാർജ്ജിക്കുകയാണ്. ഇന്ന് ലോകത്ത്

92% ജനങ്ങളും മലിന വായുവാണ് ശ്വസിക്കുന്നത്. അതായത് പത്തിൽ ഒൻപതുപേർക്കും ശുദ്ധവായു ലഭിക്കുന്നില്ലെന്നുള്ളതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിൽ നമ്മുടെ പരിസ്ഥിതി ദിനാചരണം കേവലം ഒരു ദിവസത്തെ ആചരണമായിട്ട് ചുരുങ്ങിപ്പോകുകയാണ്. അത് നിരന്തരമായ ബോധവൽക്കരണ പ്രക്രിയയായിട്ട് സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നതിനോടൊപ്പം, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ പടിഞ്ഞാറൻ അതിർത്തി പങ്കിടുന്ന കവ്വായിക്കായലും ചെറുദ്വീപുകളും ഉൾപ്പെട്ട ആവാസ വ്യവസ്ഥ സംരക്ഷിക്കാനും ഇവിടുത്തെ ജൈവ വൈവിദ്ധ്യങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായവിധം സംരക്ഷണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം ഈ ദ്വീപ് സമൂഹങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഇടയിലക്കാട് ദ്വീപുൾപ്പെടെയുള്ള പ്രദേശങ്ങൾ റാംസർ സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി നേരത്തെ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, ജൂൺ 5 പരിസ്ഥിതി ദിനമായി നമ്മൾ ലോകമെമ്പാടും ആചരിക്കുകയാണ്. കേരളത്തിൽ വനം വകുപ്പിന്റേയും പരിസ്ഥിതി വകുപ്പിന്റേയും

ബയോഡൈവേഴ്സിറ്റി ബോർഡിന്റേയും സംയുക്തമായ ഒരു ആചരണ പരിപാടിയാണ്. ആ ഒരു ദിവസത്തെ പ്രത്യേകത എന്താണെന്ന് ചോദിച്ചാൽ ഒരു ബോധവൽക്കരണത്തിന്റെ ഭാഗമാണ് എന്നാൽ ഒരു ദിവസം കൊണ്ട് ആചരിച്ച നിർത്തുകയെന്നുള്ളതല്ല മറിച്ച് ഇപ്പോഴും വനം വകുപ്പിൽ നിന്ന് വൃക്ഷത്തൈകൾ, പ്രത്യേകിച്ചും ഫല വൃക്ഷങ്ങൾക്കാണ് ഇപ്പോഴും പ്രാധാന്യം നൽകുന്നത്. അതോടൊപ്പം ഔഷധ സസ്യങ്ങൾ, നാട്ടിലുള്ള മറ്റിനം നല്ല തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുമുണ്ട്. ഇപ്പോൾ ഒരു വർഷം പ്രായമുള്ള വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വനം വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നമുക്ക് വൃക്ഷാവരണം വർദ്ധിപ്പിക്കാൻ കഴിയും. തീർച്ചയായിട്ടും വായു മലിനീകരണത്തിനുള്ള പ്രതിവിധി മരം തന്നെയാണ്. ആ മരത്തിന്റെ ആവരണം വർദ്ധിപ്പിക്കുക എന്നതിൽ നമ്മുടെ സംസ്ഥാനം ഒട്ടും പുറകിലല്ല, മുമ്പിലാണ്. ഇക്കാര്യത്തിൽ ഇന്ത്യയിലെ ആദ്യത്തെ അഞ്ചു സംസ്ഥാനങ്ങളെടുത്താൽ അതിൽ മൂന്നാമത്തെ സംസ്ഥാനം കേരളമാണ്. നമുക്ക് ഭൂ വിസ്തൃതി കുറവാണെങ്കിലും വൃക്ഷാവരണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ

നമ്മൾ മുമ്പിലാണ്. സന്നദ്ധ സംഘടനകൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമൊക്കെത്തന്നെ കൂട്ടായിട്ടു പരിശ്രമിച്ചാൽ നമ്മുടെ പ്രധാനപ്പെട്ട എല്ലാ പട്ടണങ്ങളും വൃക്ഷാവരണത്തിന്റെ കീഴിലാക്കാൻ കഴിയും. അദ്ദേഹം പറഞ്ഞ പ്രോജക്ടുമായി ബന്ധപ്പെട്ട പരിശോധന നടത്തിയിട്ട് വിശദാംശം അദ്ദേഹത്തെ അറിയിക്കുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഗ്രീൻ ഇന്ത്യാ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ് പ്രോജക്ട് ടൈഗർ. വയനാട് ജില്ലയെ ഒരു ടൈഗർ പ്രോജക്ടാക്കി മാറ്റുമെന്നുള്ള ചർച്ചകൾ നടക്കുന്നുണ്ട്. എനിക്ക് ചോദിക്കാനുള്ളത്, കടുവയ്ക്ക് ഒരു പ്രത്യേകയുള്ളത് 20 കിലോമീറ്ററാണ് കടുവയുടെ ആവാസ പരിധി. ആ പരിധിക്കുള്ളിൽ ഒരു കടുവ മറ്റൊരു കടുവയെ വളരാൻ അനുവദിക്കുകയില്ല. കടുവകളുടെ എണ്ണം വർദ്ധിച്ചുകഴിഞ്ഞാൽ മറ്റു പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കടുവകൾ പ്രവേശിക്കാൻ ശ്രമിക്കും. അങ്ങനെ വരുമ്പോഴാണ് ആക്രമണങ്ങൾ ഉണ്ടാകുന്നത്. അങ്ങനെയാണെങ്കിൽ കടുവകളുടെ എണ്ണം വർദ്ധിക്കുമ്പോൾ സ്വാഭാവികമായും വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചേ

മതിയാകുകയുള്ളൂ. വനത്തിന്റെ വിസ്തൃതി എത്രത്തോളം വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമുണ്ട്. അതേ സമയത്ത് മിനിസ്റ്റർ പറഞ്ഞതുപോലെ ഒരു നിബിഡവനം നമുക്ക് ഉണ്ടാക്കാൻ സാധിക്കും. അനിയന്ത്രിതമായി കടുവകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിക്കഴിഞ്ഞാൽ അത്തരം കാര്യങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, കേരളത്തിനെപ്പോലെ ഇത്രയും ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് ഇനിയും നമ്മൾ അനിയന്ത്രിതമായി വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയെന്ന് പറയുന്നത് അസാധ്യമാണ്. ഇപ്പോൾ തന്നെ ഇന്ത്യയിൽ കേരളത്തിന്റെ ആകെയുള്ള ഭൂ വിസ്തൃതിയിൽ 29.1 ശതമാനം വനമാണ്. തീർച്ചയായിട്ടും നമുക്ക് ഇനിയും അതിന്റെ ഏരിയ വർദ്ധിപ്പിക്കുക എന്നുള്ളത് നല്ല കാര്യമാണ് പക്ഷെ അത് അപ്രായോഗികമാണ്. അതിനുപകരമായി വനത്തിന് വെളിയിൽ വനവൽക്കരണം, സാമൂഹ്യ വനവൽക്കരണം, ഞാൻ നേരത്തെ സൂചിപ്പിച്ചതുപ്പോലെ പരമാവധി വനാവരണം നടത്തുക, അതിനാവശ്യമുള്ള

വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക എന്നുള്ളതാണ് പ്രായോഗികം. വനവിസ്തൃതി ഇനി വൻതോതിൽ വർദ്ധിപ്പിക്കാൻ കേരളത്തിൽ കഴിയുകയില്ല. നിലവിലുള്ള വനം സംരക്ഷിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ബാധ്യസ്ഥമാണ്. ആ രീതിയിൽ കൃത്യമായി സംരക്ഷിച്ചുവരുന്നുമുണ്ട്. ചില മേഖലകളിൽ വനത്തിന് ശോഷണമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞത് ശരിയാണ്. പലകാരണങ്ങളാലാണ് വനശോഷണമുണ്ടായിട്ടുള്ളത്. വനം കയ്യേറി നശിപ്പിച്ചതുകൊണ്ടല്ല, thick forest അല്ലാതായി മാറിയ സ്ഥിതിയുണ്ട്. ഉദാഹരണമായി പറമ്പിക്കുളം കടുവാ റിസർവോയറിൽത്തന്നെ എൺപതും എൺപത്തിയഞ്ചും വർഷം പഴക്കമുള്ള തേക്ക് പ്ലാന്റേഷൻ ഉണ്ട്. എൺപത്തിയഞ്ച് വർഷം പ്രായമായ തേക്ക് വിളഞ്ഞുനിൽക്കുന്ന പ്ലാന്റേഷനിൽ അടിക്കാടുകളില്ലാത്ത സ്ഥിതിയുണ്ട്. യഥാർത്ഥത്തിൽ അത് വന്യജീവികളേയും പൊതു ആവാസ വ്യവസ്ഥയേയും ബാധിക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പ് ഒരു പഠന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുപോലെയുള്ള ശോഷണം വന്ന വനഭാഗങ്ങൾ കുറേക്കൂടി മെച്ചപ്പെട്ട വനമാക്കി

മാറ്റുന്നതിന്, സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന് അയച്ച് അനുമതി വാങ്ങി നടപ്പിലാക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ചോദ്യത്തിലെ 'സി'-പിരിവിന് അങ്ങ് ഉത്തരം പറഞ്ഞു, വന്യജീവി സംരക്ഷണം നടക്കുമ്പോഴും വനാതിർത്തി പങ്കിടുന്ന മണ്ഡലങ്ങളിലെ ഗുരുതരമായ വിഷയമാണ് വന്യജീവി ശല്യം. ഈ വിഷയങ്ങൾ അവിടെ നിന്നുള്ള എം.എൽ.എ. മാർ പലപ്പോഴും ഇവിടെ പറഞ്ഞതാണ്. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലെ ചന്ദനക്കാംപാറയിൽ പത്ത്-പന്ത്രണ്ട് ആനകളടങ്ങുന്ന ആനക്കൂട്ടം ജനങ്ങൾ താമസിക്കുന്ന ഏരിയയിൽ വന്ന് നിൽക്കുകയാണ്. ഉദ്യോഗസ്ഥന്മാരൊക്കെ വന്നു, ആനകൾ പോകുന്നില്ല. ജനങ്ങളാകെ ഭയപ്പാടിലാണ്. ഇവിടെ ഇങ്ങനെ ചർച്ച ചെയ്തതുകൊണ്ട് കാര്യമില്ല, പോസിറ്റീവായിട്ടുള്ള നടപടികളിലേയ്ക്ക് പോകണം. കഴിഞ്ഞ ദിവസത്തെ ഡിമാന്റ് ചർച്ചയിൽ ഉത്തരം പറഞ്ഞതുപോലെ ഇനിയും മിസ്സിംഗായിട്ടുള്ള ലിങ്ക് ഉണ്ട്. വന്യജീവി പ്രതിരോധത്തിന് മതിൽ ഇല്ലാത്ത സ്ഥലങ്ങളിൽ അടിയന്തരമായി മുൻഗണന കൊടുത്ത് മതിൽ നിർമ്മിക്കാൻ തയ്യാറാകണം. ജനങ്ങൾ ഭയാശങ്കയിലാണ്. അതീവ ഗൗരവമായ ഈ വിഷയത്തിൽ അങ്ങ് നടപടി

സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, നമ്മൾ നിരന്തരമായി സഭയ്ക്ക് അകത്തും പുറത്തും ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് അങ്ങ് വീണ്ടും ഉന്നയിച്ചിരിക്കുന്നത്. വന്യജീവിയും മനുഷ്യനും തമ്മിലുള്ള സംഘർഷം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. അത് കണക്കിലെടുത്തുകൊണ്ടുതന്നെ ഗവൺമെന്റ് പരമാവധി വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: ഇതേവിഷയം പരമാവധി സമയമെടുത്ത് നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്.

ശ്രീ. കെ. രാജു: സർ, കണ്ണൂർ ജില്ലതന്നെ ഇതിന് ഉദാഹരണമാണ്. അങ്ങയുടെ ജില്ലയായ കണ്ണൂർ ജില്ലയിൽ 9.5 കി.മീ. ആനമതിൽ നിർമ്മിച്ചുകഴിഞ്ഞു.

ആനമതിൽ നിർമ്മിക്കുന്നതിനായി ഇതുവരെ 1.25 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇനിയും കണ്ണൂർ ജില്ലയിൽ രണ്ട്-രണ്ടര കിലോമീറ്റർ ആനമതിൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആയിക്കഴിഞ്ഞു. ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ.യോട് ചോദിച്ചാൽ അതിന്റെ കൃത്യമായ വിവരങ്ങൾ അങ്ങേയ്ക്ക് പറഞ്ഞുതരും. ബാക്കിയുള്ളവയിൽ സാധ്യമായ സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗ്, ആന കയറി വരാതിരിക്കാൻ കിടങ്ങുകൾ

നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാമെന്നല്ലാതെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ വനാതിർത്തിയിൽ ആന പ്രതിരോധ മതിൽ തീർക്കുക എന്നത് അപ്രായോഗികമാണ്. അതുമാത്രമല്ല, അങ്ങനെ മതിൽ തീർത്തുവച്ചാൽ ആന അത് ഏതെങ്കിലും രീതിയിൽ തകർത്ത് പുറത്തുവരികയും ചെയ്യും. വനത്തിനകത്ത് മാത്രമല്ല, വനാതിർത്തിയോടുചേർന്നും അരുവികളുണ്ട്. ആനകളും ആനക്കൂട്ടങ്ങൾക്കും യഥാർത്ഥത്തിൽ വനത്തിൽ നിന്നും പുറത്തുവന്ന് ഈ അരുവികളിൽനിന്നും വെള്ളം കുടിക്കാൻ വരും, അവിടെയൊക്കെ ആനത്താരകളുമുണ്ട്. ഇവയെല്ലാം അടച്ചുവച്ചാൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. 100 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്നും 25 കോടി രൂപയുടെ വർക്കുകൾക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിവരുന്ന തുക അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് പ്രതിരോധ മതിലുകൾ സൃഷ്ടിക്കുന്നതിനും മറ്റുമുള്ള പരിശ്രമം ഉണ്ടാകും. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കൃഷിനാശം സംഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം ലഭ്യമാക്കുന്നത്. ഈ നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്. അതുപോലെ മനുഷ്യന് നേരെയുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടാൽ

നൽകിയിരുന്ന 5 ലക്ഷം രൂപ എന്നത് ഈ ഗവൺമെന്റ് 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു എന്നുമാത്രമല്ല, ആക്രമണത്തിന് വിധേയമായി മരണപ്പെടുന്ന ആളിന്റെ വീട്ടിൽ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അവകാശികൾ ആരെന്ന് തീരുമാനിക്കുന്നതിനുമുമ്പുതന്നെ 5 ലക്ഷം രൂപ എത്തിച്ചുകൊടുക്കുകയും, ബാക്കി അഞ്ച് ലക്ഷം രൂപ അവകാശ സർട്ടിഫിക്കറ്റ് സമർപ്പിച്ചതിനുശേഷം നൽകുകയും ചെയ്യുന്നു. വന്യജീവികളുടെ ആക്രമണത്തിന് വിധേയരാകുന്ന കർഷകർക്കും ജനങ്ങൾക്കുംവേണ്ടി വളരെ അനുകൂലമായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

<u>പട്ടികവർഗ്ഗ വിഭാഗത്തിലെ ദുർബലവിഭാഗങ്ങളുടെ പുരോഗതി</u>

(*363) ശ്രീ. വി. ഡി. സതീശൻ:
ശ്രീ.അൻവർ സാദത്ത്:
ശ്രീ.എ. പി. അനിൽകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗവിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ പുരോഗതിക്കായി

ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ ഈ വിഭാഗത്തിന് സാമൂഹ്യപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വർഷങ്ങളായി ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും പല രംഗത്തും ഇവർ സമൂഹത്തിലെ മറ്റുള്ളവരോടൊപ്പം പുരോഗതി കൈവരിക്കാത്തത് ഇവർക്കായി നടപ്പിലാക്കുന്ന പദ്ധതികളിൽ ഉണ്ടായിട്ടുള്ള വീഴ്ചമൂലമല്ലേ എന്ന് അറിയിക്കുമോ; എങ്കിൽ നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ആവശ്യമായ തിരുത്തൽ നടപടികൾ കൈക്കൊള്ളുമോ;

(സി) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സൗകര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി രൂപീകൃതമായ ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനം വിശദമാക്കുമോ; പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ലാന്റ് ബാങ്ക് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) കേരളത്തിൽ കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കൊറഗർ എന്നീ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട അഞ്ചു സമുദായങ്ങളാണ് പ്രത്യേക ദുർബല വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത്. ഇതിന് പുറമെ അടിയൻ, പണിയൻ, മലപ്പണ്ടാരം, ഹിൽപ്പുലയ, അരനാടൻ തുടങ്ങിയ സമുദായങ്ങളും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളാണ്.

പ്രത്യേക ദുർബല വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 13-ാം ധനകാര്യ കമ്മീഷൻ 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് 148 കോടി രൂപ അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ആരോഗ്യം, മണ്ണ് സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, പോഷകാഹാരം, കുടിവെള്ളം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. സുസ്ഥിര വികസനമായിരുന്നു പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഈ പദ്ധതിയിൽ 141.03 കോടി രൂപ ചെലവഴിച്ചുവെങ്കിലും ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന ഈ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് ഊന്നൽ

നൽകിയിട്ടുള്ള പദ്ധതികളുടെ അഭാവം ഒരു പ്രശ്നമായിരുന്നു. ഇതെല്ലാം കണക്കിലെടുത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രത്യേക ദുർബല വിഭാഗങ്ങളുടേത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പരിശോധിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കി.
- ഗോത്രഭാഷ അറിയാവുന്ന ഇവരുടെ ഇടയിലുള്ള അഭ്യസ്ത വിദ്യരായ ബി.എഡ്./ടി.ടി.സി കഴിഞ്ഞവരെ മെന്റർ ടീച്ചർമാരായി ഗോത്ര ബന്ധു പദ്ധതി പ്രകാരം നിയമിക്കുകയുണ്ടായി.
- ഇതിനുപുറമെ പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് വേണ്ടി പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിൽ പ്രത്യേക നിയമനം നൽകുകയും ചെയ്തു.
- ഗോത്രജീവിക പദ്ധതിയുടെ ഭാഗമായി തൊഴിൽ നൈപുണ്യ പരിശീലനം നൽകിയും നിർമ്മാണ മേഖലയിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. വകുപ്പിന്റെ മിക്ക നിർമ്മാണ പ്രവർത്തികളും ഈ സംഘങ്ങളാണ് നടപ്പിലാക്കിവരുന്നത്.

- ഭക്ഷ്യ സഹായ പദ്ധതി എല്ലാ ദുർബല വിഭാഗങ്ങൾക്കും എത്തിക്കാനായി കഴിഞ്ഞു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പ്രത്യേക ദുർബല വിഭാഗമായ കൊറഗർക്ക് വേണ്ടി മാത്രമായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് മുഴുവൻ പേർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിന് പ്രത്യേക ഡ്രൈവ് നടത്തുകയും നിലവിലുള്ള ഒട്ടുമിക്ക സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.
- വകുപ്പ് തലത്തിൽ പ്രമോട്ടർമാരിലൂടെ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഡിജിറ്റൽ സർവ്വെ ആരംഭിക്കുകയും ഇപ്പോൾ അവസാന ഘട്ടത്തിലുമാണ്. ഇതിനായി എല്ലാ പ്രമോട്ടർമാർക്കും ഐപാഡ് നൽകിയും ആവശ്യമായ പരിശീലനം നൽകിയുമാണ് സർവ്വെ നടത്തിവരുന്നത്. ഈ സർവ്വെയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക ദുർബല വിഭാഗത്തിൽപ്പെട്ട കാടർ, കുറുമ്പൻ, കാട്ടുനായ്ക്കർ,

ചോലനായ്ക്കർ, കൊറഗർ എന്നീ അഞ്ച് വിഭാഗങ്ങൾക്കും ഇതിനുപുറമെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന അടിയൻ, പണിയൻ, അരനാടൻ, മലപ്പണ്ടാരം, ഹിൽപ്പുലയ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി 2019-20 വർഷം മുതൽ പ്രത്യേക മൈക്രോ പ്ലാനുകൾ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കാനായി ഉദ്ദേശിക്കുന്നു. ഇതിനായി ബഡ്ജറ്റിൽ അടിയ, പണിയ, പ്രത്യേക ദുർബല വിഭാഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.

- വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ രണ്ട് കോളനികൾ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ, ആരോഗ്യ, ഭവന, നൈപുണ്യ വികസന പദ്ധതികളിൽ എല്ലാംതന്നെ പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് ആവശ്യമായ പരിഗണനയാണ് നൽകിവരുന്നത്. പദ്ധതി നിർവ്വഹണത്തിലൂടെ ഈ വിഭാഗങ്ങളുടെ

സാമൂഹ്യ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രത്യേക ദുർബല വിഭാഗത്തിന് 13-ാം ധനകാര്യ കമ്മീഷൻ 2010-11-ൽ അനുവദിച്ച 148 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കിയത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 2012-16 കാലത്താണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ചാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ പുരോഗതിക്കായി നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളും അവരുടെ ആവശ്യങ്ങൾ പരിഗണിച്ച് ആസൂത്രണം ചെയ്ത് പൂർണ്ണമായും പ്രയോജനപ്രദമാകുന്ന വിധത്തിലാണ് നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളിലും കൂടുതൽ സുതാര്യതയും കാര്യക്ഷമതയും കൈവരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.ടി. സാങ്കേതികവിദ്യയുടെ സഹായം കൂടുതലായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യഥാർത്ഥ പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പട്ടികവർഗ്ഗ പ്രദേശത്തെ

വികസനാവശ്യങ്ങൾ ചർച്ച ചെയ്യുന്നതും വികസന പദ്ധതികൾ നിർദ്ദേശിക്കുന്നതും ഊരുകൂട്ട തീരുമാനപ്രകാരമാണ്.

പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്നതിനായി ധനകാര്യവകുപ്പ് ഓരോ വർഷവും പ്രധാനപ്പെട്ട പദ്ധതികൾ പഠനത്തിന് വിധേയമാക്കി വരുന്നുണ്ട്. ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്മേൽ തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും രൂപീകരിക്കുന്നതിനായി വിളിച്ച് ചേർക്കുന്ന സമിതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രഗത്ഭരും ഊരുമൂപ്പന്മാരും ഉദ്യോഗസ്ഥരും ഓരോ പദ്ധതിയും വിലയിരുത്തുകയും ഇതിൽ ചൂണ്ടിക്കാണിക്കുന്ന പോരായ്മ പരിഹരിച്ച് പദ്ധതി രൂപീകരിക്കുകയും നിർവ്വഹണം നടത്തുകയുമാണ് ചെയ്തുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് മുഴുവൻപേർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിന് പ്രത്യേക ഡ്രൈവ് നടത്തുകയും നിലവിലുള്ള ഒട്ടുമിക്ക സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 20 മോഡൽ റസിഡൻഷ്യൽ

സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് നിലവിലുള്ളത്. നിലവിലുള്ള സ്ഥാപനങ്ങളിൽ 13092 കുട്ടികൾ താമസിച്ച് പഠനം നടത്തുന്നുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകളിൽ 6670 അന്തേവാസികളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 34 അന്തേവാസികളും നിലവിൽ താമസിച്ച് വിവിധ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നു. പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ ഉയർത്തുന്നതിന് നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ. കിണർ നിർമ്മാണം എന്നിവയും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സി.സി.ടി.വി., മിനിമാസ്റ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അടുക്കളകളിൽ സ്റ്റീമർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2017-18 വർഷം 90

ഹോസ്റ്റലുകളിലും 2018-19 വർഷം 108 ഹോസ്റ്റലുകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പരമാവധി ഒരേക്കർ ഭൂമി വീതം നൽകുക എന്ന ലക്ഷ്യം നിറവേറ്റുവാൻവേണ്ടി 2001-ൽ രൂപീകരിച്ചതാണ് സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ. ഭൂരഹിതർക്ക് ഭൂമി നൽകി പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, വനാവകാശ നിയമപ്രകാരം വ്യക്തിഗത, സാമൂഹിക, വികസന അവകാശങ്ങൾ നൽകുക, നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് ടി.ആർ.ഡി.എം പ്രവർത്തിച്ചുവരുന്നത്.

സംസ്ഥാനത്ത് നാളിതുവരെയായി 9781 പേർക്ക് റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവയിൽ ഉൾപ്പെടെ 11378 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ വനാവകാശ നിയമപ്രകാരം 25825 പേർക്ക്

34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 972 കുടുംബങ്ങൾക്ക് 400.74 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 430 പേർക്ക് 163.73 ഏക്കർ ഭൂമി വിതരണം നടത്തി. വനാവകാശ നിയമപ്രകാരം 880 പേർക്ക് 1493 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകി. കൂടാതെ 1593 കുടുംബങ്ങൾക്ക് 1326.46 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു. (ആകെ 2903 പേർക്ക് 2983 ഏക്കർ ഭൂമി നൽകി).

സംസ്ഥാനത്ത് ഇനി ഭൂരഹിതരായി അവശേഷിക്കുന്ന 10943 കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതാണ് ടി.ആർ.ഡി.എം.ന്റെ ലക്ഷ്യം. ഇതിലേയ്ക്കായി നിക്ഷിപ്ത വനഭൂമി, വനാവകാശ നിയമപ്രകാരമുള്ള ഭൂമി, ലാൻഡ് ബാങ്ക് പദ്ധതി എന്നിവയിലൂടെ സമയബന്ധിതമായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി നടന്നുവരികയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉത്തരം പറഞ്ഞ് അവസാനിപ്പിച്ചതിൽ നിന്നുതന്നെ ഞാൻ ചോദിക്കാം. ഈ ദുർബല വിഭാഗങ്ങളുടെ

ഏറ്റവും പ്രധാനപ്പെട്ട വിഷയം അവരുടെ വീടിന്റെ നിർമ്മാണമാണ്. കഴിഞ്ഞ മൂന്ന് വർഷമായി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ മാത്രമല്ല, പട്ടികജാതി വിഭാഗക്കാരുടെയും ഒരു വീടുപോലും നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ എത്രയോ വർഷങ്ങളായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയിൽ വകുപ്പ് നിശ്ചയിക്കുന്ന വീടുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന വീടുകളും വളരെ കൃത്യമായി നിർമ്മിച്ചുവരികയാണ്. പത്തോ ഇരുപതോ ശതമാനം മാത്രമേ അടുത്ത വർഷത്തേയ്ക്ക് പോകുന്നുള്ളൂ. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം കഴിഞ്ഞ മൂന്ന് വർഷമായി ഒരു വീടുപോലും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. വളരെ പരിതാപകരമായ സ്ഥിതിയാണിത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ കുറേ വീടുകളുടെ നമ്പർ പറയാറുണ്ട്. ആ നമ്പർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാകാതെ നിന്നിരുന്ന വീടുകൾ പൂർത്തിയാക്കിയതാണ്. നമുക്ക് അറിയേണ്ടത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നാണ്? ഞങ്ങളുടെ അഭിപ്രായം വീടുകൾ വകുപ്പുതന്നെ നിർമ്മിക്കണമെന്നാണ്. ലൈഫ് പദ്ധതിയിൽ വീടുകളുടെ എണ്ണം കൂട്ടാനാണെങ്കിൽ അത് ലൈഫ് പദ്ധതിയുടെ കൂടെ പറഞ്ഞോളൂ. പക്ഷേ ഇപ്പോൾ

ഇവിടെ ലൈഫിലും നടക്കുന്നില്ല, ഡിപ്പാർട്ടുമെന്റിലും നടക്കുന്നില്ല എന്ന അവസ്ഥയാണ്. നമ്മൾ എന്തുതന്നെ ചെയ്തുകൊടുത്താലും ദുർബല വിഭാഗങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്നുകൊല്ലമായി ഒരു വീടുപോലും നിർമ്മിച്ചുനൽകാൻ പറ്റാത്ത ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചത് വസ്തുതാപരമായി ശരിയല്ല. എന്റെ പക്കൽ കൃത്യമായ കണക്കുണ്ട്, അത് ഞാൻ പറയാം. ഞാൻ ആ കണക്കിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. ഞാൻ എല്ലാ ആഴ്ചയും ക്യാബിനറ്റ് കഴിഞ്ഞാൽ റിവ്യൂ ചെയ്യാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലിയിൽ നിന്നും കിട്ടുന്ന കണക്ക് എന്റെ കയ്യിലുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്പിൽ ഓവർ ആയി 13,360 വീടുകളാണുണ്ടായിരുന്നത്. സ്പിൽ ഓവർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പഴയ ഗവൺമെന്റിന്റേത് എന്നാണ്. അതിനേക്കാൾ മുമ്പേ ഉണ്ടായിരുന്ന ഗവൺമെന്റിന്റേതും ഉണ്ടായിരുന്നു. അതിൽ 9,269 വീടുകളാണ് ഇപ്പോൾ പൂർത്തിയായത്. സ്പിൽ ഓവറിൽ 7,091 വീടുകൾ ഇപ്പോൾ ബാക്കിയാണ്. ആ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ രണ്ട് വർഷം ഞങ്ങൾ ലൈഫ് പദ്ധതിയിൽ കൊടുത്തിട്ടേയില്ല, ഡിപ്പാർട്ട്മെന്റ് തന്നെയാണ് ചെയ്തത്. അദ്ദേഹത്തിന്റേത് ഒരു തെറ്റായ ധാരണയാണ്. 2016-17, 2017-18 തുടങ്ങി രണ്ട് വർഷങ്ങളിൽ അനുവദിച്ചത് 23,801 ആണ്. അതിൽ 16,845 വീടുകളാണ് പൂർത്തിയായത്. 6,956 വീടുകളാണ് ഇനി ബാക്കിയുള്ളത്. ഇനി പട്ടികവർഗ്ഗ വിഭാഗത്തിന്റെ കാര്യമെടുക്കാം. ഞാൻ ഇപ്പോൾ പറയുന്നത് പട്ടികജാതി വിഭാഗത്തിന്റേതാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്പിൽ ഓവറായി 22,648 വീടുകളാണ് ഉണ്ടായിരുന്നത്. അതിൽ പൂർത്തിയായത് 19,985 വീടുകളാണ്. 2,663 വീടുകളാണ് ഇനി ബാക്കിയുള്ളത്. ഇത് സ്പിൽ ഓവറിന്റെ കണക്കാണ്. ഇനി ലൈഫിൽ ഉൾപ്പെടുത്താതെ ആദ്യത്തെ രണ്ട് വർഷം വകുപ്പ് നടപ്പിലാക്കിയ കാര്യം പറയാം. പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി 7,617 അനുവദിച്ചു. അതിൽ പൂർത്തിയായത് 398-ഉം ബാക്കിയുള്ളത് 7,219-ഉം ആണ്. ഇപ്പോൾ ലൈഫിലേയ്ക്ക് കൊടുത്തുകഴിഞ്ഞു. ലൈഫിലേയ്ക്ക് കൊടുത്തുകഴിഞ്ഞു എന്ന് പറയുമ്പോൾ മനസ്സിലാക്കേണ്ടത്, പറയട്ടെ. ലൈഫിന്റേതും കൂടി ഞാൻ പറഞ്ഞുതരാം. സ്പിൽ ഓവറിൽ 53,000 വീടുകളാണ്

ഉണ്ടായിരുന്നത്. അതിൽ 50,000 വീടുകളും ഇപ്പോൾ പൂർത്തീകരിച്ചു. പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ മാത്രമല്ല, മൊത്തത്തിലുള്ള കണക്കാണ് ഞാൻ പറയുന്നത്. .....(ബഹളം) .....

മി. സ്പീക്കർ: പ്ലീസ്.....അദ്ദേഹം പറയട്ടെ.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ നിങ്ങൾക്ക് വിവരാവകാശ കമ്മീഷൻ മുഖേന ലൈഫിന്റേത് ചോദിച്ചാൽ കിട്ടും. .....(ബഹളം) ..... സർ, ഞാൻ പറയട്ടെ.

മി. സ്പീക്കർ: അങ്ങ് പറയൂ....

ശ്രീ. എ. കെ. ബാലൻ: സർ, സ്പിൽ ഓവറായി ഉണ്ടായിരുന്ന 53,000 വീടുകളിൽ 50,000 വീടുകൾ ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ചു. ഇപ്പോൾ അർഹതപ്പെട്ട.........(ബഹളം) ......

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....ഇല്ല. ഇല്ല. അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞിട്ടില്ല.........(ബഹളം) ......

ശ്രീ. എ. കെ. ബാലൻ: സർ, എന്താണിത്? മറുപടി പറയാൻ സമ്മതിക്കില്ലേ?

മി. സ്പീക്കർ: അദ്ദേഹം മറുപടി പറയട്ടെ.

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റേതുമായി ബന്ധപ്പെട്ട മറുപടി ഞാൻ പറഞ്ഞു. ഇനി ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് പറയാൻ പോകുന്നത്. ലൈഫിന്റേതാണല്ലോ പറഞ്ഞത്. അത് പറയാനുള്ള അവകാശം എനിക്കില്ലേ? അതിൽ 53,000 വീടുകൾ...............(ബഹളം) ......

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് കഴിഞ്ഞതിനുശേഷം ചോദിച്ചോളൂ.

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ 53,000 വീടുകളാണ് അവർ ലൈഫ് പദ്ധതിയിൽ സ്പിൽ ഓവറായി എടുത്തത്. അതിൽ 50,000 വീടുകളുടെ പണി പൂർത്തീകരിച്ചു. രണ്ടാം സ്റ്റേജിൽ അവർ എടുത്തത് 1,38,000 വീടുകളാണ്. സ്ഥലം ഉണ്ടായിട്ട് വീടില്ലാത്ത ആൾക്കാരെ ഉൾപ്പെടുത്തിയുള്ളതാണിത്. അത് 99,000 വീടുകളാണ് ഇപ്പോൾ അവർ എടുത്തത്. ആ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മൂന്നാം സ്റ്റേജിൽ സ്ഥലവും വീടുമില്ലാത്ത 2,50,000 ആൾക്കാരുടെ വീടുകളാണ് എടുത്തത്. ആ നടപടി ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു. ഇത് രണ്ടും സിൻക്രണൈസ് ചെയ്തുപോകുകയാണ്. ഇതാണ് ലൈഫിന്റെ കാര്യം. നേരത്തേ ഞാൻ പറഞ്ഞത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റേതാണ്. അതിൽ ഒരു

വീടിന്റെ വ്യത്യാസമുണ്ടെങ്കിൽ ഇവർ പറയുന്നത് ഞാൻ അംഗീകരിക്കാം. കാരണം, ഞാൻ ഇത് കൃത്യമായി റിവ്യൂ നടത്തുന്നതിനാൽ എനിക്കറിവുള്ളതല്ലേ; ഓരോ ആഴ്ചയും എനിക്കറിയില്ലേ; എല്ലാ ജില്ലാ ഓഫീസർമാരോടും ഓരോ ആഴ്ചയും ചോദിക്കുന്നതല്ലേ; എനിക്കറിയില്ലേ? അതുകൊണ്ട് കളവ് പറയേണ്ട ഒരു ആവശ്യവുമില്ല. ഇത് കണക്കാണ്; കണക്ക് തെറ്റില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, പാർലമെന്റിൽ ശ്രീ. നരേന്ദ്ര മോദി എടുക്കുന്ന സമീപനം ശ്രീ. എ. കെ. ബാലൻ ഈ നിയമസഭയിൽ എടുക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയോട് എന്തുചോദിച്ചാലും നിങ്ങൾ വിവരാവകാശത്തിലൂടെ ചോദിച്ചുകൊള്ളാൻ പറയും. പാർലമെന്റ് മെമ്പർമാരുടെ ഏറ്റവും വലിയ ആക്ഷേപം ഇതാണ്. ഈ സഭയ്ക്കാണ് പരമാധികാരം. ദയവായി ആ വാചകം അങ്ങ് അതിൽ നിന്ന് ഡിലീറ്റ് ചെയ്യണം. ഡിലീറ്റ് ചെയ്താലും ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിക്കണം. ഈ സഭയ്ക്കാണ് പരാമാധികാരം.

മി. സ്പീക്കർ: ചോദ്യത്തിന് അദ്ദേഹം ഉത്തരം പറഞ്ഞില്ലേ? സഭയിൽ ഉയർന്ന ചോദ്യത്തിന് അദ്ദേഹം ഉത്തരം നൽകി. .....(ബഹളം) ......ഞാൻ

കേട്ടത്, ചോദ്യത്തിന് അദ്ദേഹം ഉത്തരം നൽകി. സപ്ലിമെന്ററായി നിങ്ങൾക്ക് വേണമെങ്കിൽ അതുകൂടി ശേഖരിക്കാമെന്ന് പറഞ്ഞു. അതാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലെ ആദ്യത്തെ വാചകം ഞാൻ പറഞ്ഞത് വസ്തുതാപരമായി ശരിയാണെന്നാണ്. ഉത്തരത്തിലെ പട്ടികവർഗ്ഗ വകുപ്പിന് ഈ ഗവൺമെന്റ് വന്നതിനുശേഷം ലൈഫ് പദ്ധതിയിൽപ്പെടുത്താതെ ആദ്യം രണ്ട് വർഷക്കാലം ഏഴായിരത്തിലധികം വീടുകൾ ഉണ്ടായിട്ടും മുന്നൂറിലധികം വീടുകൾ മാത്രമാണ് പണിതത്. മൂന്നാമത്തെ വർഷം ലൈഫ് പദ്ധതിയിലേയ്ക്ക് കൊടുത്തു. ഒന്നും പണിതില്ല. അതായത് മൂന്ന് വർഷക്കാലം കൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആകെ പണിത വീടുകൾ മുന്നൂറ് ആണ്. അത് പരിശോധിക്കപ്പെടേണ്ട കാര്യം തന്നെയാണ്.

എന്റെ രണ്ടാമത്തെ ചോദ്യം, നേരത്തേ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ എല്ലാ സ്ഥലത്തും അവരുടെ ഫീസ് കൊടുക്കുന്നതുപോലെ സെൽഫ് ഫിനാൻസിംഗ് ആർട്സ് ആന്റ് സയൻസ് കോളേജിൽക്കൂടി അവർക്ക് കൊടുത്തിരുന്നു. പിന്നീട് അത് നിർത്തലാക്കി. ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നം, കുട്ടികളുടെ മാർക്ക് വളരെയധികം വർദ്ധിച്ചു.

അതുകൊണ്ട് റെഗുലർ കോളേജുകളിൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. ഇന്നലെ എന്നെ ഒരു കുട്ടി വിളിച്ചു, എൺപത് ശതമാനം മാർക്കുണ്ട്, എന്നിട്ടും എറണാകുളം ജില്ലയിലെ ഒരു കോളേജിൽപ്പോലും ഒരു പട്ടികജാതി വിദ്യാർത്ഥിക്ക് അഡ്മിഷൻ കിട്ടിയിട്ടില്ല. സ്വാഭാവികമായും അവർ സെൽഫ് ഫിനാൻസിംഗ് കോളേജിൽ പോകും. അങ്ങനെ റെഗുലർ കോളേജിൽ അഡ്മിഷൻ കിട്ടാതെ സെൽഫ് ഫിനാൻസിംഗ് കോളേജിൽ പോകുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അവരുടെ ഫീസ് കൊടുക്കാൻ വേണ്ടിയിട്ടുള്ള ഒരു തീരുമാനം എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നേരത്തേയുള്ള ചോദ്യത്തിലെ വീടിന്റെ കാര്യം കൂടി പറഞ്ഞിട്ട് ഞാൻ ഇതിലേയ്ക്ക് കടക്കാം. സ്പിൽ ഓവറിൽ 22,648 വീടുകളാണ് പട്ടികവർഗ്ഗത്തിലുണ്ടായിരുന്നത്. ഇത് പഴയതാണ്. അതിൽ 19,955 വീടുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പുതിയ വീടുകളുടെ പണി അങ്ങനെ ആദ്യത്തെ വർഷം കഴിയില്ല, ഒരു കാലഘട്ടത്തിലും കഴിയില്ല. ഏറ്റവും അധികം സ്പിൽ ഓവർ വീടുകളും അനുവദിച്ച വീടുകളും പൂർത്തീകരിച്ച കാലഘട്ടം എൽ.ഡി.എഫ്.ന്റെ കാലഘട്ടത്തിലാണ്.

ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് കറക്ടാണ്.

എയ്ഡഡ്, ഗവൺമെന്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ ഒരു ബുദ്ധിമുട്ടുമില്ല. അവർക്ക് കൃത്യമായി, ടൈം ബൗണ്ടായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നു. ഹോസ്റ്റൽ സൗകര്യങ്ങൾ യൂനിസെഫ് മാതൃകയിലാണ്. ഏതെങ്കിലും ഒരു ഹോസ്റ്റലിൽ പോയിക്കഴിഞ്ഞാൽ ഒരു കുട്ടിക്കും ഒരു ആക്ഷേപവും ഉണ്ടാകില്ല. എന്നാൽ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ഫീസുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഒരു ആക്ഷേപം വന്നിട്ടുണ്ട്.

മി. സ്പീക്കർ: എയ്ഡഡ് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലും.....

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ ഒരു പ്രശ്നവുമില്ല. സെൽഫ് ഫിനാൻസിംഗ് കോളേജിന്റേതാണ് പ്രശ്നം. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും ഫീസുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രശ്നം നമ്മുടെ മുമ്പിൽ വരുന്നു. പല സ്ഥലത്തും എൻറോൾമെന്റ് ഉണ്ടാവില്ല. എന്താണ് ചെയ്യുക എന്നുപറഞ്ഞുകഴിഞ്ഞാൽ, മാനേജ്മെന്റ് ഒരു എൻറോൾമെന്റ് ഉണ്ടാക്കും. എന്നിട്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പേരിൽ ഫീസ് വാങ്ങുകയും ചെയ്യും. ഇങ്ങനെയുള്ള മാനിപ്പുലേഷൻസ് ചില സ്ഥലങ്ങളിൽ

ഉള്ളതുകൊണ്ട് പ്രശ്നം ഉണ്ടായിട്ടുണ്ട്. എന്നാലും ശ്രീ. വി. ഡി. സതീശൻ പറഞ്ഞ, അർഹതപ്പെട്ട, മെറിറ്റിൽ വന്ന സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പരമാവധി ശ്രമം ഗവൺമെന്റ് നടത്തും. മാത്രമല്ല, സാമ്പത്തികമായിട്ടുള്ള ഒരു ക്രൈസിസ് അറിയാമല്ലോ; ശ്രീ. വി. ഡി. സതീശനും അറിയാമല്ലോ? സ്വാഭാവികമായും നമുക്ക് നിർലോഭം ഈ രൂപത്തിൽ സാമ്പത്തിക സഹായം കൊടുക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം വന്നിട്ടുണ്ട്. എന്നാലും ഇത് പരിശോധിക്കുന്നതായിരിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് ചോദ്യം ചോദിച്ചപ്പോൾ, വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിന് വിദ്യാഭ്യാസ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 'സാമൂഹ്യ പഠന മുറി' പദ്ധതി നടപ്പിലാക്കി എന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. എനിക്ക് ചോദിക്കാനുള്ളത് അതിനോടനുബന്ധിച്ചാണ്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നല്ലൊരു ശതമാനം കുട്ടികളും തോൽവി മൂലം പഠനം നിർത്തിപ്പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ വീണ്ടും പരീക്ഷ എഴുതി വിജയിപ്പിക്കുവാൻ സർക്കാർ സഹായത്തോടുകൂടി

എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിൽ രണ്ടര ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഇപ്പോൾ ആനുകൂല്യങ്ങൾ നമ്മൾ നൽകുന്നുണ്ട്. അത് നമുക്ക് കേന്ദ്രത്തിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്ത് കിട്ടുകയും ചെയ്യും. രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള കാര്യമാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. തോൽക്കുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിനാവശ്യമായ പാക്കേജ് ഇപ്പോൾ ഉണ്ട്. അതിൽ ഒരു ബുദ്ധിമുട്ടുമില്ല. ഒരു വർഷത്തേയ്ക്ക് അവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകും. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം നമുക്കൊന്നും ഊഹിക്കാൻപോലും പറ്റാത്ത രൂപത്തിൽ വർദ്ധിക്കുകയാണ്. എം. ആർ. എസ്.-കളിലെ നിലവാരമെന്ന് പറഞ്ഞുകഴിഞ്ഞാൽ..... പണ്ടും ഉണ്ട്. ഇപ്പോൾ നൂറ് ശതമാനമായി, നൂറ് ശതമാനം പാസ്സാണ്. അതുപോലെതന്നെ ഇരുപത് എം. ആർ. എസ്.-കൾക്ക് പുറമേ പട്ടികവർഗ്ഗ മേഖലയിൽ 9 പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളും 105 പ്രീ മെട്രിക് സ്ഥാപനങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളിലൊക്കെ പഠിക്കുന്ന കുട്ടികൾക്ക്

ഹോസ്റ്റലുകളിൽ ഇപ്പോൾ ഞങ്ങൾ പ്രത്യേക സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. തോറ്റതിനുശേഷം തുടർന്നും പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഒരു വർഷം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി, മുഖ്യമന്ത്രി, ഇവിടെ ശ്രീ. വി. ടി. സതീശൻ ചോദിച്ച ഒരു ചോദ്യം....., ഇന്ന് യൂണിവേഴ്സിറ്റികളാണ് കുട്ടികൾക്ക് ഫസ്റ്റ് അലോട്ട്മെന്റ് കൊടുക്കുന്നത്. എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും അതേസമയം സ്വാശ്രയ കോളേജുകളിലും കൊടുക്കുന്നുണ്ട്. യൂണിവേഴ്സിറ്റികൾ അനുവദിക്കുന്ന കുട്ടികൾക്ക്, അവിടെ മറ്റ് കൃത്രിമങ്ങളൊന്നുമില്ല, അവർക്കെങ്കിലും ഫീസ് കൊടുക്കാനുള്ള ഒരു നടപടിയുണ്ടാകണം എന്നുള്ളതാണ് ഒരു കാര്യം. അതോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വിഷയം ഇതുവരെ സുപ്രീംകോടതി പറഞ്ഞ വനാവകാശനിയമം വച്ച് ഭൂമി കൊടുക്കുന്ന കാര്യത്തിൽ നമുക്ക് ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല എന്നതാണ്.

മലപ്പുറത്ത് കേന്ദ്രസംഘം വന്ന് 203 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് പതിച്ച് കൊടുക്കാമെന്ന് പറഞ്ഞ് വേർതിരിച്ച് കൊടുത്തതാണ്. പക്ഷേ വനം വകുപ്പ് അത് റവന്യൂ വകുപ്പിന് കൊടുക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ കഴിയുന്നില്ല. അപ്പോൾ ഇത്തരം സാങ്കേതിക തടസ്സമുണ്ടാക്കിക്കൊണ്ട് പാവപ്പെട്ട ആദിവാസികൾക്ക് ലഭിക്കേണ്ട വനഭൂമി ഇന്ന് കിട്ടാത്ത സാഹചര്യമുണ്ട്. അത് എത്രയും പെട്ടെന്ന് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്വാശ്രയ അൺഎയ്ഡഡ് മേഖലയിൽ രണ്ടര ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി നമ്മൾ ഇപ്പോൾ എല്ലാ സ്ഥലത്തും ആനുകൂല്യം കൊടുക്കുന്നുണ്ട്. രണ്ടര ലക്ഷത്തിനപ്പുറമുള്ളത് മുൻപും കൊടുത്തിട്ടില്ല. മുൻ ഗവൺമെന്റും കൊടുത്തിട്ടില്ല. അത് സാമ്പത്തികമായി കോടിക്കണക്കിന് രൂപയുടെ ബാധ്യത വരുത്തുന്നതാണ്. അത് പരിശോധിക്കാമെന്ന് ഞാൻ

നേരത്തെ സൂചിപ്പിച്ചതാണ്. കേന്ദ്ര വനാവകാശനിയമം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. 33000 അപേക്ഷകളിൽ 25000 അപേക്ഷകൾ തീർപ്പാക്കി RoR കൊടുത്തുകഴിഞ്ഞു. RoR-ന് എന്തെങ്കിലും പോരായ്മകളുണ്ടോയെന്ന് നമുക്ക് പിന്നീട് പരിശോധിക്കാം. അതുപോലെതന്നെ ഇപ്പോൾ 11600 ആദിവാസികൾക്കാണ് ഇനി ഭൂമി കൊടുക്കാൻ ബാക്കിയുള്ളത്. അതിന് മൂന്ന് ഓപ്ഷൻസ് നമ്മുടെ ഭാഗത്തുണ്ട്. ഒന്ന്, കേന്ദ്ര വനാവകാശ നിയമപ്രകാരം നമുക്ക് കുറച്ചുകൂടി ഭൂമി കൊടുക്കാൻ സാധിക്കും. അതിനുള്ള നടപടികൾ ആരംഭിച്ചു. നേരത്തെ ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രം നമുക്ക് തന്ന വനഭൂമിയുണ്ട്. ആ ഭൂമി പരിപൂർണ്ണമായും നമുക്ക് കൊടുക്കാൻ സാധിച്ചിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അത് മനസ്സിലാക്കിക്കൊണ്ട് മൂന്ന് പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുചേർത്തു. താമസയോഗ്യമായ 6000 ഏക്കർ ഭൂമിയെങ്കിലും നമുക്ക് കൊടുക്കാൻ പറ്റും.

വേറെ 2000-ത്തോളം ഏക്കർ ഭൂമി നമുക്ക് വിലയ്ക്ക് വാങ്ങാം. അങ്ങനെ ഒരു വർഷം കൊണ്ട് ശാശ്വതമായി ആദിവാസികളുടെ ഭൂപ്രശ്നം കേരളത്തിൽ പരിഹരിച്ചിരിക്കും. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു.

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യമായതുകൊണ്ട് നമ്മൾ മൂന്ന് മിനിറ്റ് അധികം എടുത്തു. ക്ഷമിക്കണം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)